പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.868 05.03.2018-ൽ മറുപടിയ്ക്ക്

# റോഡ് നിർമ്മാണ സാധനങ്ങളുടെ ക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റോഡ് നിർമ്മാണത്തിന് ടാർ ലഭ്യമാകാത്തതും പാറയും മെറ്റലും മണലും കിട്ടാതായതും പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | റോഡ് നിർമ്മാണത്തിന് നിർമ്മാണ വസ്തുക്കളായ ടാർ, മെറ്റൽ, മണൽ തുടങ്ങിയവ കിട്ടാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. മണലിനു പകരം എം.സാന്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. നിലവിൽ ക്വാറികളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ മെറ്റലിന്റെയും എം.സാന്റിന്റെയും ലഭ്യതയ്ക്ക് കുറവ് വരുന്നുണ്ട്. ഇത് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം ബാധിച്ചിട്ടുണ്ട് |
| (ബി) മരാമത്ത് പണികൾക്ക് ടാർ വാങ്ങി നൽകുന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിന്റെ കീഴിലുള്ള 100 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ടാർ ഡിപ്പാർട്ടുമെന്റ് വാങ്ങി സപ്ലൈ നടത്തുന്നുണ്ട്. ഇത് വകുപ്പിന്റെ കീഴിലുള്ള ഡിവിഷൻ ഓഫീസ് മുഖേന വിതരണം നടത്തുന്നു. ഇതിന്റെ വില പ്രവർത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്നു. 100 ലക്ഷം രൂപയുടെ മേൽ അടങ്കൽ തുകവരുന്ന പ്രവൃത്തികൾക്ക് പ്രസ്തുത പ്രവർത്തികളുടെ കരാറുകാർ തന്നെ ടാർ ലഭ്യമാക്കേണ്ടതാണ്. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾക്കുള്ള ടാർ ബന്ധപ്പെട്ട കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന അംഗീകൃത റിഫൈനറിയിൽ നിന്നും വാങ്ങിക്കാറാണ് ഉള്ളത്. |
| (സി) പാറ, മെറ്റൽ, മണൽ എന്നിവയുടെ ക്ഷാമം പരിഹരിച്ച് റോഡ് നിർമ്മാണവും, | (സി) | പാറ, മെറ്റൽ എന്നിവയുടെ ലഭ്യതക്കുറവുള്ള സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| അറ്റകുറ്റപ്പണികളും ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിക്കുകയും അടിയന്തിര പരിഹാരം കാണണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ